**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **07-10-2024 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ - കരിമുകൾ റോഡിലെ ഡീറ്റൈൽഡ് ടൗൺ പ്ലാനിങ്ങ് സ്കീം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃപ്പൂണിത്തുറ - കരിമുകൾ റോഡിലെ ഡീറ്റൈൽഡ് ടൗൺ പ്ലാനിങ്ങ് സ്കീം വേരിയേഷൻ സംബന്ധിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 50(3) പ്രകാരം, തൃപ്പൂണിത്തുറ കരിമുകൾ റോഡ് - വിശദ നഗരാസൂത്രണ പദ്ധതി വ്യതിയാനം വരുത്തുന്നതിലേക്കായി തൃപ്പൂണിത്തുറ നഗരസഭ, വടവുകോട് പുത്തൻകരിശു ഗ്രാമ പഞ്ചായത്ത് എന്നീ രണ്ടു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദേശങ്ങൾ സംയോജിപ്പിച്ച്, 27.04.2024 തീയതിയിലെ LSGD/PD/58790/2023-TCPB4 നമ്പർ കത്ത് മുഖേന മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയ കരട് വിജ്ഞാപനം അംഗീകരിക്കുകയും തുടർന്ന് ആയത് സൂക്ഷ്മപരിശോധനയ്ക്കായി നിയമവകുപ്പിന് നൽകുകയുമുണ്ടായി. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം പരിശോധിച്ചുവരികയാണ്. |
| (ബി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ ആർ.ഡി.2/86/2024/എൽ.എസ്.ജി.ഡി. എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 50(3) പ്രകാരം, തൃപ്പൂണിത്തുറ കരിമുകൾ റോഡ് - വിശദ നഗരാസൂത്രണ പദ്ധതി വ്യതിയാനം വരുത്തുന്നതിലേക്കായി തൃപ്പൂണിത്തുറ നഗരസഭ, വടവുകോട് പുത്തൻകരിശു ഗ്രാമ പഞ്ചായത്ത് എന്നീ രണ്ടു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദേശങ്ങൾ സംയോജിപ്പിച്ച്, 27.04.2024 തീയതിയിലെ LSGD/PD/58790/2023-TCPB4 നമ്പർ കത്ത് മുഖേന മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയ കരട് വിജ്ഞാപനം അംഗീകരിക്കുകയും തുടർന്ന് ആയത് സൂക്ഷ്മപരിശോധനയ്ക്കായി നിയമവകുപ്പിന് നൽകുകയുമുണ്ടായി. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം പരിശോധിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഫയലിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 50(3) പ്രകാരം, തൃപ്പൂണിത്തുറ കരിമുഗൾ റോഡ് - വിശദ നഗരാസൂത്രണ പദ്ധതി വ്യതിയാനം വരുത്തുന്നതിലേക്കായി മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയ കരട് വിജ്ഞാപനത്തിന്മേൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്നിവ പ്രകാരം സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ